# Dr. Abdullah Abdullah, Chairman, High Council for National Reconciliation of Afghanistan meets Prime Minister

October 08, 2020

## അഫ്ഗാനിസ്ഥാൻ ഹൈ കൗൺസിൽ ഓഫ് നാഷണൽ റീകൗൺസിലേഷൻ ചെയർമാൻ ഡോ.അബ്ദുള്ള അബ്ദുള്ള ഇന്ന് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

ഒക്ടോബർ 08, 2020

അഫ്ഗാനിസ്ഥാൻ ഹൈ കൗൺസിൽ ഓഫ് നാഷണൽ റീകൗൺസിലേഷൻ ചെയർമാൻ ഡോ.അബ്ദുള്ള അബ്ദുള്ള ഇന്ന് (ഒക്ടോബർ 8) രാവിലെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.ഇന്ത്യൻ ഭരണകൂടത്തിന്റെ അയൽ രാജ്യങ്ങൾക്ക് മുന്ഗണനനാണ് നൽകുന്ന നയം അനുസരിച്ച് ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിലുള്ള ചരിത്രപരമായ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പ്രധാനമന്ത്രി അദ്ദേഹത്തിന് ഉറപ്പു നൽകി. ഉഭയകക്ഷിപരവും പ്രാദേശികവുമായ ഇരു വിഭാഗങ്ങൾക്കും താല്പര്യമുള്ള വിഷയങ്ങളിൽ നേതാക്കൾ ചർച്ച നടത്തി. അഫ്ഘാൻ സമാധാന നടപടികൾ ദോഹയിൽ നടന്നു വരുന്ന ചർച്ചകൾ എന്നിവയെക്കുറിച്ച് ഡോ. അബ്ദുള്ള അബ്ദുള്ള പ്രധാനമന്ത്രിയ്ക്ക് വിവരണം നൽകി.

അഫഗാനിസ്ഥാനും ഇന്ത്യയും തമ്മിലുള്ള വികസന സഹകരണം ഉൾപ്പടെയുള്ള ഉഭയകക്ഷി പ്രശ്നങ്ങൾ പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ചെയ്തു.

അഫ്ഘാനിന്റെ 34 പ്രവിശ്യകളിലായുള്ള ജനതയ്ക്ക് അനുകൂലമാകുന്ന രീതിയിൽ 3 ബില്യൺ യു എസ് ഡോളർ വിലമതിക്കുന്ന ഇന്ത്യയുടെ വികസന പ്രതിബദ്ധതയെ ഡോ അബ്ദുള്ള അബ്ദുള്ള അഭിനന്ദിച്ചു.

അഫ്ഘാനിസ്ഥാനിലെ സ്ഥിരമായ സമാധാനവും സമൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി ആവർത്തിച്ചു കൂടാതെ സമഗ്രവും സ്ഥിരവുമായ വെടിനിർത്തൽ അഫ്ഗാനിസ്ഥാനിൽ പ്രഖ്യാപിക്കുന്നതിനുള്ള പരിശ്രമങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്തു.

ദേശീയ സുരക്ഷാ ഉപദേഷ്ടാവായ ശ്രീ അജിത് ഡോയൽ ഒക്ടോബർ 7 നു ഡോ. അബ്ദുള്ള അബ്ദുല്ലയുടെ കൂടിക്കാഴ്ച നടത്തി അഫ്ഘാൻ സമാധാന നടപടികൾ, അഫ്ഗാനിസ്ഥാനിൽ ഉടനീളം കൂടിയ തോതിലുള്ള പ്രക്ഷോഭങ്ങൾ , പ്രദേശങ്ങളിലെ സമാധാനവും സുരക്ഷയും എന്നിവ ഉൾപ്പടെയുള്ള അനുബന്ധ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച നടത്തിയിരുന്നു.

വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ നാളെ 2020 ഒക്ടോബർ 9 ന് ഡോ. അബ്ദുള്ള അബ്ദുള്ളയെ സന്ദർശിക്കുന്നതാണ്.

**ന്യൂ ഡൽഹി**
**08 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.